LIBRARY ARCHIVES Kerala Legislative Assembly

കണ്ടൽക്കാടുകളെ റിസർവ് വനമായി പ്രഖ്യാപിക്കൽ

132 (438) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ എന്നിവ റിസർവ് വനമായി പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ?

പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ പുതുവൈപ്പ് വില്ലേജിൽ 65.83 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ വെണ്മനാട് വില്ലേജിൽ 94.77 ഹെക്ടർ കണ്ടൽക്കാടും ആലപ്പുഴ ജില്ലയിലെ പുറക്കാട് 175 ഹെക്ടറും കേരള വന നിയമം സെക്ഷൻ 4 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാർ അധീനതയിലുള്ള ഭൂമിയാണ് ഇത്തരത്തിൽ റിസർവ്വായി പ്രഖ്യാപിക്കുന്നത്. സെക്ഷൻ 19 വരെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്.

സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ

133 (439) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഏറ്റെടുത്ത് റിസർവ് വനമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇപ്രകാരം ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സ്വകാര്യ കണ്ടൽക്കാടുകൾ ഏറ്റെടുത്ത് സംരക്ഷിക്കുന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ട്. ആകെ 52.615 ഹെക്ടർ സ്വകാര്യ കണ്ടൽക്കാട് വിട്ടുനൽകുന്നതിന് ഉടമസ്ഥർ ഇതുവരെ സമ്മതം നൽകിയിട്ടുണ്ട്. ഇ.എഫ്.എൽ നിയമം 2003, സെക്ഷൻ 15 പ്രകാരമുള്ള ഉപദേശകസമിതി പരിശോധനക്കുശേഷം സംരക്ഷണം ആവശ്യമാണെന്ന് ബോധ്യപ്പെടുന്ന ഭൂമിയാണ് സെക്ഷൻ 4 പ്രകാരം നോട്ടിഫൈ ചെയ്യുന്നത്. ഈ ഭൂമിക്ക് നഷ്ടപരിഹാരസമിതി നിർണ്ണയിക്കുന്ന വില നൽകുന്നതുമാണ്. ഇപ്രകാരമുള്ള നടപടികൾ കൊല്ലം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.